# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5509 | 02.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ഓൺലൈൻ വിപണനത്തിൽ നിന്ന് സർക്കാരിന് നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നടക്കുന്ന ഓൺലൈൻ വിപണനത്തിൽ നിന്ന് സർക്കാരിന് നികുതി ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഓൺലൈൻ വിപണനത്തിൽ നിന്ന് സർക്കാരിന് നികുതി ലഭിക്കുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ ഓൺലൈൻ വിപണനം നികുതിക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിലുള്ള കേന്ദ്ര വില്പന നികുതി നിയമപ്രകാരം ഇത്തരം വിപണനങ്ങളിൽ നികുതി ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ഇതിന്റെ പുറത്ത് സംസ്ഥാനത്തിന് ചുമത്താൻ കഴിയുന്നത് പ്രവേശന നികുതിയാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പ്രകാരം പ്രവേശന നികുതി ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കപ്പെട്ടതിനാൽ ആയത് ചുമത്തുവാൻ സംസ്ഥാനത്തിന് പരിമിതി ഉണ്ട്. ജി.എസ്.ടി നികുതി സമ്പ്രദായം പ്രാപ്യസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ളതിനാൽ, പ്രസ്തുത നികുതി വ്യവസ്ഥ നിലവിൽ വരുന്നതോടുകൂടി ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വിപണനത്തിന്മേലുള്ള നികുതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

*(signature)*

**സെക്ഷൻ ഓഫീസർ**